**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാരോട് ഗ്രാമ പഞ്ചായത്ത് - പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് റോഡ് വീതി കൂട്ടുന്നതിനായി സ്ഥലം അർജൻസി ക്ലോസിൽ അക്വയർ ചെയ്യുന്നതിന് - അനുമതി നല്കി - ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർസി) വകുപ്പ്**

**സ.ഉ (സാ) നം.234/2010/തസ്വഭവ.** **തീയതി, തിരുവനന്തപുരം, 21.01.2010**

---

പരാമർശം : 1. കാരോട് ഗ്രാമ പഞ്ചായത്തിന്റെ 26.09.2009 ലെ IV-ാം നമ്പർ തീരുമാനം.

2. കാരോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 26.12.2009 ലെ ജെ.എസ്.3379/09-ാം നമ്പർ കത്ത്.

**ഉത്തരവ്**

കാരോട് ഗ്രാമ പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് വാഹനം കടന്നു പോകുന്ന തരത്തിൽ റോഡ് വീതി കൂട്ടുന്നതിന് കാരോട് വില്ലേജിൽ സ.നം.143/9 ൽ ബ്ലോക്ക് നമ്പർ 47 ൽ ഉൾപ്പെട്ട 1.970 സെന്റ് സ്ഥലം അടിയന്തിരഘട്ടത്തിൽ ഏറ്റെടുക്കുന്നതിന് കാരോട് ഗ്രാമ പഞ്ചായത്ത് പരാമർശം 1 പ്രകാരം തീരുമാനിക്കുകയും പരാമർശം 2-ലെ കത്ത് പ്രകാരം സർക്കാരിനോട് അപേക്ഷിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്കുള്ള ഏക ഗതാഗത മാർഗ്ഗത്തിന്റെ കുറെ ഭാഗം സ്വകാര്യ വ്യക്തി അവകാശവാദമുന്നയിച്ച് വാഹന ഗതാഗതം തടസ്സപ്പെടുത്തുന്നതായി പഞ്ചായത്ത് കണ്ടെത്തിയിരിക്കുന്നതിനാൽ, ആശുപത്രിയിലേയ്ക്ക് വാഹന ഗതാഗതം സുഗമമാക്കേണ്ടത് അത്യാവശ്യമാണെന്ന് സർക്കാർ കരുതുന്നു. അതിന്റെ അടിസ്ഥാനത്തിൽ കാരോട് ഗ്രാമ പഞ്ചായത്തിലെ കാരോട് വില്ലേജിൽ സ.നം.143/9 ൽ ബ്ലോക്ക് നമ്പർ 47 ൽ ഉൾപ്പെട്ട 1.970 സെന്റ് സ്ഥലം കാരോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്കുള്ള ഗതാഗത തടസ്സപ്പെടാതിരിക്കുന്നതിനായി വീതി കൂട്ടാൻ അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി അക്വയർ ചെയ്യുന്നതിന് താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ കാരോട് ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

1. അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക വ്യവഹാര ബാദ്ധ്യതകളും ഉണ്ടായിരിക്കുന്നതല്ല.
2. അക്വിസിഷന് ആവശ്യമായ തുകയുടെ 80% മുൻകൂറായി ജില്ലാ കളക്ടർ മുമ്പാകെ ഒടുക്കേണ്ടതാണ്.
3. അക്വിസിഷൻ സംബന്ധമായി 2000 ലെ കേരള പഞ്ചായത്തിരാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

ഗവൺമെന്റ് ഉത്തരവ് പ്രകാരം

**ലതാ പണിക്കർ**
**അണ്ടർ സെക്രട്ടറി**

സെക്രട്ടറി/പ്രസിഡന്റ്, കാരോട് ഗ്രാമ പഞ്ചായത്ത്.
പഞ്ചായത്ത് ഡയറക്ടർ
ജില്ലാ കളക്ടർ, തൃശ്ശൂർ.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ